# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3404 — 24/06/13-ൽ മറുപടിക്ക്

## ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേനയുള്ള റോഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന ഭരണാനുമതി ലഭിക്കുകയും, നിർമ്മാണം ആരംഭിക്കുകയും ചെയ്ത റോഡുകളിൽ കരാർ കാലാവധി അവസാനിച്ച റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണ് ; | (എ) ചാത്തന്നൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന ഭരണാനുമതി നൽകുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്ത റോഡുകളിൽ കരാർ കാലാവധി അവസാനിച്ച റോഡ് കൊല്ലം ജില്ലയിലെ പരവൂർ വാട്ടർ ടാങ്ക് ജംഗ്ഷൻ-പെരുമ്പുഴ സ്കൂൾ - മാലാക്കായൽ കോളനി-പ്രസീന്നാ തീയറ്റർ റോഡിന്റെ വീതി കൂട്ടലും നവീകരണവും ആണ്. |
| (ബി) പ്രസ്തുത റോഡുകളുടെ ഇപ്പോഴത്തെ പ്രവർത്തനപുരോഗതി എന്താണ് ; | (ബി) ടാറിങ്ങ് ഒഴികെയുള്ള മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചു. ടാറിംഗ് ആരംഭിച്ചെങ്കിലും തുടർച്ചയായ മഴ കാരണം പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. 5 കിലോമീറ്റർ റോഡ് ടാറിംഗിൽ 3 കിലോമീറ്റർ നീളം പണി പൂർത്തിയാക്കി. മഴ മാറിയാൽ ഉടനെ ശേഷിക്കുന്ന ടാറിംഗ് ക്രമീകരിക്കുന്നതാണ്. |

| | |
|---|---|
| (സി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിന് കാലതാമസം വരുത്തുന്ന കരാറുകാരെക്കൊണ്ട് പ്രസ്തുത നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) പ്രവർത്തന പുരോഗതി കൈവരിക്കാത്ത കരാറുകാരനെ ഓഫീസിൽ വിളിച്ചുവരുത്തി പണി ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കുകയും വീഴ്ച വരുത്തുന്ന കരാറുകാർക്ക് കരാർ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയും അല്ലാത്ത പക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനർക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ